DESPATCHED On.22/11/21....

22/11/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **CP 415(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.9222/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 നവംബർ 22**

ശ്രീമതി. സിന്ധു ബി.,
കാരാണി വീട്,
പടിയൂർ പി.ഒ.,
ഇരിഞ്ഞാലക്കുട,
തൃശ്ശൂർ – 680 688.
} പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ – 680 003.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 19.4.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.5.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 13.8.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 8.10.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 16.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരി<br>എസ്.പി.ഐ.ഒ മാർ | ഹാജരായി (ഓഡിയോ)<br>ഹാജരായി (ഓഡിയോ) |

## ഉത്തരവ്

ശ്രീമതി. സിന്ധു ബി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമ പ്രകാരം നൽകിയ അപേക്ഷയിലെ ചോദ്യം നമ്പർ 3-ന്റെ പകർപ്പിനായി 2/- രൂപ ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഒടുക്കിയെങ്കിലും ടിയാൾക്ക് ലഭ്യമാക്കിയ പകർപ്പ് ചോദ്യവുമായി സാധൂകരിക്കുന്നതായിരുന്നില്ലെന്നും തെറ്റായ പകർപ്പാണ് നൽകിയിരിക്കുന്നത് എന്നും ടി മറുപടിയ്ക്കെതിരെയുള്ള

അപ്പീൽ നൽകേണ്ടതെവിടെയാണെന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത-തിനാലാണ് കമ്മീഷനിൽ പരാതി സമർപ്പിക്കുന്നതെന്നും ആയതിനാൽ യഥാർത്ഥ പകർപ്പ് ലഭ്യമാക്കണമെന്നും എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ 19.4.2021 സമർപ്പിച്ച അപേക്ഷയിലെ 3-ാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് 2020-21 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിക്കാത്ത പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് കാരണം/വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയിലെ മൂന്നാം ഇനത്തിന് നൽകിയ മറുപടിയിൽ അറിയിച്ചത് പകർപ്പ് അനുവദിക്കുന്നതിന് പേജിന് 2/- രൂപ പകർപ്പ് ഫീ അടയ്ക്കണമെന്നാണ്. ഹർജിക്കാരി അപ്രകാരം ഫീസ് അടച്ച് ചലാൻ രസീത് ഹാജരാക്കിയതിനെ തുടർന്ന് 14.6.2021-ന് പകർപ്പ് അയച്ചുകൊടുത്തതായി കാണുന്നു. എന്നാൽ അപ്രകാരം തെറ്റായ പകർപ്പാണ് അയച്ചു കൊടുത്തത് എന്നാണ് ഹർജിക്കാരി ആക്ഷേപമായി ഉന്നയിച്ചിട്ടുള്ളതായി കാണുന്നത്.

4. എതിർകക്ഷി 8.10.2021 ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി 19.4.2021 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് 15.5.2021 തീയതി DDP/TSR/1932/2021-A2 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാൾ സമർപ്പിച്ച അപേക്ഷയിലെ ക്രമ നമ്പർ-3 പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 100% നികുതി പിരിക്കാത്ത പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് കാരണം/വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നുമുള്ള ചോദ്യത്തിന് ' ഉണ്ട് ' എന്നും പകർപ്പ് അനുവദിക്കുന്നതിന് പേജിന് 2/- രൂപ പകർപ്പ് ഫീ അടവാക്കേണ്ടതാണെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളതെന്നും ആയത് പ്രകാരം പകർപ്പ് നൽകിയിട്ടുള്ളതാണെന്നുമാണ്. ഹർജിക്കാരിയുടെ അപേക്ഷയിലെ ക്രമ നമ്പർ 3 പ്രകാരമുള്ള ചോദ്യത്തിന് 2020-21 ലെ വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട വിഷയത്തിൽ നികുതി പിരിവ് കുടിശ്ശികയുള്ള തൃശ്ശൂർ ജില്ലയിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നിർദ്ദേശമടങ്ങിയ കത്ത് എതിർകക്ഷി ഓഫീസിൽ നിന്നു നൽകിയിട്ടുണ്ടെന്നും ടിയാരിക്ക് നൽകിയ മറുപടി കത്തിൽ അപ്പീൽ അധികാരിയുടെ ഔദ്യോഗിക പേരും വിലാസവും നൽകിയിരുന്നു എന്നും

ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി 14.6.2021–ന് അപ്പലേറ്റ് അതോറിറ്റിയായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂർ എന്നവർക്ക് അപ്പീൽ സമർപ്പിച്ചു എന്നും ടി അപ്പീലിൽ ചോദ്യം 1, 5 എന്നിവയ്ക്ക് ഉത്തരം തൃപ്തികരമല്ലെന്നാണ് അറിയിച്ചിരുന്നത് എന്നും ആയത് പ്രകാരം അപ്പീൽ അധികാരി പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് എതിർകക്ഷി ഓഫീസിലെ രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകിയിരുന്നു എന്നും എന്നാൽ അപ്രകാരം പരാതിക്കാരി പരിശോധനയ്ക്ക് ഹാജരായിട്ടില്ലെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷി നൽകിയ മറുപടിയ്ക്കെതിരെ അപ്പീൽ എവിടെയാണ് നൽകേണ്ടതെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ഹർജിക്കാരിക്ക് കമ്മീഷനിൽ നേരിട്ട് പരാതി ബോധിപ്പിക്കേണ്ടതായി വന്നിട്ടുള്ളത് എന്ന ഹർജിക്കാരിയുടെ ആക്ഷേപം അംഗീകരിക്കത്തക്കതല്ല. കാരണം എതിർകക്ഷി 15.5.2021–ന് നൽകിയ മറുപടിയിൽ അപ്പീലധികാരിയുടെ വിലാസം വ്യക്തമായി രേഖപ്പെടുത്തിയിരുന്നതാണെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ 14.6.2021–ന് ഒന്നാം അപ്പീൽ നൽകി പ്രസ്തുത അപ്പീൽ തീർപ്പാക്കിയിട്ടുള്ളതുമാണെന്നും ഓഫീസിൽ ചെന്ന് രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഹർജിക്കാരിക്ക് അവസരം നൽകിയിരുന്നതും എന്നാൽ പരിശോധനയ്ക്ക് ഹർജിക്കാരി ഹാജരായിരുന്നില്ല എന്നും എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ ഹർജിക്കാരി ആവശ്യപ്പെടുന്നപക്ഷം രേഖകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിനും ആവശ്യമെങ്കിൽ പകർപ്പുകൾ എടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി ഹർജിക്കാരിക്ക് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6 മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 22–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk